**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1175** 02.03.2017- ൽ മറുപടിക്ക്

**<u>റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി നടപടി</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഇ.പി.ജയരാജൻ**<br>**,,പി.വി.അൻവർ**<br>**,,ഡി.കെ.മുരളി**<br>**,,പി.കെ. ശശി** | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ റോഡുകളെ അപകട രഹിതമാക്കുന്നതിനും സുരക്ഷ വർദ്ധിപ്പിക്കുന്നതിനുമായി കേരളത്തിലുടനീളമുള്ള എല്ലാ റോഡുകളുടേയും സുരക്ഷ ഉറപ്പു വരുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതി പദ്ധതിയേതര ഫണ്ട് ഉപയോഗിച്ച് അപകട സാധ്യതാ മേഖലകളിൽ റോഡ് സുരക്ഷാ സംവിധാനങ്ങൾ സ്ഥാപിച്ചുവരുന്നു. ഇതോടൊപ്പം പുതുതായി കേരളത്തിലുടനീളം 355 അതീവ അപകടമേഖലകൾ (ബ്ലാക്ക് സ്പോട്ട്) കണ്ടെത്തുകയും അവ നിവാരണം ചെയ്യുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. കൂടാതെ റോഡ് സുരക്ഷിതത്വത്തിനായി നിലവിൽ കേരള റോഡ് സുരക്ഷ അതോറിറ്റിയുമായി ചേർന്ന് പൊതുമരാമത്ത്, മോട്ടോർ വാഹനം, ആഭ്യന്തരം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകൾ ഏകോപിപ്പിച്ച് പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ദേശീയപാതകളിൽ തുടർച്ചയായി അപകടം നടക്കുന്ന സ്ഥലങ്ങൾ ബ്ലാക്ക് സ്പോട്ട് ആയി കണ്ടുകൊണ്ട് പഠനം നടത്തി റോഡ് സുരക്ഷാ പ്രവൃത്തികൾ നടത്തിവരുന്നു. റമ്പിൾ സ്ട്രിപ്പ്, ബ്ലിങ്കേഴ്സ് ലൈറ്റ്, ആവശ്യമായ മുന്നറിയിപ്പ് ബോർഡുകൾ മുതലായവ സ്ഥാപിക്കാറുണ്ട്. റോഡ് സേഫ്റ്റി ഓഡിറ്റ് നടത്തി അതിനനുസരിച്ച് ട്രാഫിക് സേഫ്റ്റി എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. സമയാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തി സുരക്ഷിതമാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിതയാത്ര ഉറപ്പാക്കുന്നതിന് കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കിയും ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ഹൈവേ അതോറിറ്റിയായി നിയമിച്ചും ഉത്തരവായിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | പൊതുമരാമത്ത് റോഡുകൾ അനധികൃതമായി കൈയ്യേറി കച്ചവടം നടത്തിവരുന്നത് റോഡ് സുരക്ഷയ്ക്ക് തന്നെ ഭീഷണിയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 03.09.2016-ലെ സ.ഉ (കൈ) നം.63/2016/പൊ.മ.വ പ്രകാരം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനട യാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിതമായ യാത്ര സാധ്യമാക്കുന്നതിനും വേണ്ടി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം സംസ്ഥാനത്തെ നാഷണൽ ഹൈവേയും. സ്റ്റേറ്റ് ഹൈവേയും പ്രധാന ജില്ലാ റോഡുകളും 1999-ലെ |
| (ബി)യും (സി)യും | | സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 3) പ്രകാരമുള്ള ഹൈവേ ആയി പ്രഖ്യാപിച്ച് സംരക്ഷിച്ചുകൊണ്ടും, ടി കാര്യങ്ങളുടെ നിരീക്ഷണത്തിനായി എൻ.എച്ച്-ന്റെ പരിധിയിൽ വരുന്ന റോഡുകളുടെ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൻ.എച്ച്)നേയും, സ്റ്റേറ്റ് ഹൈവേയുടേയും. പ്രധാനപ്പെട്ട ജില്ലാ റോഡുകളുടേയും അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (ആർ&ബി)യേയും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 4) പ്രകാരം നിയമിച്ചും ഉത്തരവായിട്ടുണ്ട്. ടി ഉത്തരവുകൾ കർശനമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നൽകിയിട്ടുണ്ട്. |
| (സി) | ഇപ്രകാരമുള്ള കൈയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തുന്നതിനും അവ ഒഴിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ